ബി1/18145/റ്റിസി/2008

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 23-12-2016

# സർക്കുലർ നമ്പർ 31/2016

വിഷയം :- മോട്ടോർ വാഹന വകുപ്പ് – പഴയ വാഹനങ്ങൾക്ക് ഗ്രീൻ ടാക്സ് ഏർപ്പെടുത്തലും ജി-ഫോമുകൾക്ക് ഫീസ് ഏർപ്പെടുത്തുന്നതും സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ- സംബന്ധിച്ച്

സൂചന :- 1) 2016 – ലെ ഫൈനാൻസ് ആക്ട്

2) G.O(P) No. 67/2016 /ട്രാൻ തീയതി 16/12/2016

## ഹരിത നികുതി

സൂചന (1) പ്രകാരം 2016 – ലെ ഫൈനാൻസ് ബില്ലിൽ ഏർപ്പെടുത്തിയിട്ടുള്ള ഗ്രീൻ ടാക്സ് 01.01.2017 മുതൽ പ്രാബല്യത്തിൽ വരുകയാണ്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുകയാണ്.

1. 01.01.2017- ൽ 10 വർഷമോ അതിൽ കൂടുതലോ പഴക്കമുള്ള നാലും അതിൽ കൂടുതലും ചക്രങ്ങളുള്ളതുമായ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് താഴെ പറയുന്ന നിരക്കിൽ ഗ്രീൻ ടാക്സ് ഈടാക്കേണ്ടതാണ്.

   1) ലൈറ്റ് മോട്ടോർ വാഹനങ്ങൾ - ഒരു വർഷത്തേക്ക് – 200രൂപ
   2) മീഡിയം മോട്ടോർ വാഹനങ്ങൾ - ഒരു വർഷത്തേക്ക് - 300രൂപ
   3) ഹെവി മോട്ടോർ വാഹനങ്ങൾ - ഒരു വർഷത്തേക്ക് - 400രൂപ

2. 01.01.2017 ൽ 15 വർഷമോ അതിൽ കൂടുതലോ പഴക്കമുള്ളതും നാലും അതിൽ കൂടുതലും ചക്രങ്ങളുള്ളതുമായ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് (മോട്ടോർ കാർ ഉൾപ്പെടെ) 5 വർഷത്തേക്ക് 400/-രൂപ എന്ന നിരക്കിൽ ഗ്രീൻ ടാക്സ് ഈടാക്കണം.

3. മോട്ടോർ സൈക്കിൾ, ഓട്ടോറിക്ഷകൾ തുടങ്ങി നാല് വീലുകളിൽ കുറവുള്ള വാഹനങ്ങൾക്ക് ഗ്രീൻ ടാക്സ് ഏർപ്പെടുത്തിയിട്ടില്ല.

4. മേൽ പ്രകാരം ഗ്രീൻ ടാക്സ് അടയ്ക്കാത്ത വാഹനങ്ങൾക്ക് 01/01/2017 മുതൽ ഒരു സേവനവും ചെയ്തു കൊടുക്കുവാൻ പാടുള്ളതല്ല. ട്രാൻസ്പോർട്ട് വാഹനങ്ങൾ ഫിറ്റ്നസ് ടെസ്റ്റിന് ഹാജരാക്കുമ്പോഴും നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ രജിസ്ട്രേഷൻ പുതുക്കുവാൻ ഹാജരാക്കുമ്പോഴും ഗ്രീൻ ടാക്സ് അടച്ചുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

5. 01.01.2017 മുതൽ ഗ്രീൻ ടാക്സ് അടയ്ക്കാത്ത മേൽത്തരം വാഹനങ്ങളിൽ നിന്നും അവർ എന്ന് സർവ്വീസിനായി ഓഫീസിൽ വന്നാലും 01/01/2017 മുതലുള്ള ഗ്രീൻ ടാക്സ് ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രീൻ ടാക്സിന് ഫൈൻ/അഡീഷണൽ ടാക്സ്/ പലിശ ഈടാക്കുവാൻ പാടില്ല. എന്നാൽ റോഡിൽ പരിശോധന നടത്തുമ്പോൾ ഗ്രീൻ ടാക്സ് അടയ്ക്കാത്ത വാഹനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ 100രൂപ പിഴ ചുമത്താവുന്നതാണ്.

6. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് പ്രവേശിക്കുന്ന സീരിയൽ നമ്പർ 1,2 എന്നിവയിൽ പ്രതിപാദിക്കുന്ന ട്രാൻസ്പോർട്ട്/നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ചെക്ക് പോസ്റ്റ് വഴിയോ അല്ലാതെയോ ഗ്രീൻ ടാക്സ് ഈടാക്കേണ്ടതാണ്. വാഹന പരിശോധന സമയത്തും ഇത്തരം വാഹനങ്ങൾ ഗ്രീൻ ടാക്സ് അടച്ചിട്ടുണ്ട് എന്ന് ഫീൽഡ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്..

7. **ഗ്രീൻ ടാക്സ് 0041-102-96 എന്ന ഹെഡിലാണ് സർക്കാർ ഖജനാവിലേക്ക് അടയ്ക്കേണ്ടത്**

## ജി ഫോം

8. 01.01.2017 മുതൽ നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിനുള്ള അപേക്ഷ[G Form]കൾ നികുതി ഒഴിവാക്കാൻ ആവശ്യപ്പെടുന്ന കാലയളവിന് മുൻപ് 30 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. അതായത് ജനുവരി 1 മുതൽ നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കാനുള്ള അപേക്ഷ ഡിസംബർ 31 ന് മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത് ജനുവരി 1 ന് ശേഷം ലഭിക്കുകയാണെങ്കിൽ പോലും അത് നിരസിക്കാതെ തൊട്ടടുത്ത മാസങ്ങളിലേക്ക് [ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ] നികുതി അടക്കുന്നത് ഒഴിവാക്കുന്നതിനായി പരിഗണിക്കാവുന്നതാണ്. (അവസാന ദിവസം അവധി ആണെങ്കിൽ ആ ദിവസത്തിന് മുൻപായിത്തന്നെ G Form സമർപ്പിക്കേണ്ടതാണ്. )

9. ഏത് ക്വാർട്ടറിന്റേയും ആദ്യദിവസം മുതൽ ഒരു വർഷത്തേക്കോ, ഒരു ക്വാർട്ടറിലേക്കോ, ഒരു മാസത്തേക്കോ, ഒരു ക്വാർട്ടറിന്റെ അടുത്തടുത്ത രണ്ട് മാസത്തേക്കോ മുൻകൂറായി ജി-ഫോം ഫയൽ ചെയ്യാവുന്നതാണ്. ഒരു വർഷത്തേക്ക് അല്ലെങ്കിൽ ഒരു ക്വാർട്ടറിനുള്ളിലെ കാലയളവിലേക്ക് മാത്രമേ ജി-ഫോം മുൻകൂറായി ഫയൽ ചെയ്യാൻ പാടുള്ളൂ. എന്നാൽ 2 ക്വാർട്ടറിലേക്കോ മറ്റോ ജി-ഫോം ഫയൽ ചെയ്യുക ആണെങ്കിൽ അതിലെ ആദ്യ ക്വാർട്ടർ മാത്രമേ നികുതി ഒഴിവാക്കാനായി പരിഗണിക്കുകയുള്ളൂ എന്ന് മുൻകൂറായി തന്നെ അപേക്ഷകനെ അറിയിക്കേണ്ടതാണ്. അതായത് ജി-ഫോമുകൾ എപ്പോൾ തന്നാലും അത് സ്വീകരിക്കേണ്ടതും അടുത്തമാസം മുതലുള്ള നിയമാനുസൃത കാലയളവിലേക്ക് exemption ന് പരിഗണിക്കേണ്ടതും ബാക്കി കാലയളവിലേക്ക് പ്രത്യേക ജി-ഫോം ഫയൽ ചെയ്യുവാൻ മുൻകൂറായി അപേക്ഷകനെ

അറിയിക്കേണ്ടതുമാണ്.

10. ജി-ഫോമുകൾ ലഭിച്ച കഴിഞ്ഞാൽ ഈ ഓഫീസിൽ നിന്നുള്ള സർക്കുലർ 7/2009 ലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തീർപ്പകൽപ്പിക്കേണ്ടതുമാണ്. പ്രസ്തുത സർക്കുലർ ഇതോടൊപ്പം ഇ-മെയിൽ ചെയ്യുന്നു.

11. 01.01.2017 മുതലുള്ള exemption- ന് വേണ്ടി ഫയൽ ചെയ്യുന്ന ഓരോ ജി-ഫോമുകൾക്കും താഴെ പറയുന്ന നിരക്കിൽ ഫീസ് ഈടാക്കേണ്ടതാണ്. 2017 ജനുവരി മുതലുള്ള കാലയളവിലേക്ക് നികുതി ഒഴിവാക്കി നൽകുവാൻ ഈ മാസം സമർപ്പിക്കുന്ന ജി ഫോമുകൾക്കും ഫീസ് ബാധകമാണ്.

| | | |
|---|---|---|
| 1. | ഇരുചക്ര മുചക്ര നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ | Rs.50 |
| 2. | മോട്ടോർ കാറും മറ്റ് നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളും | Rs.100 |
| 3. | ഇരുചക്ര മുചക്ര ട്രാൻസ്പോർട്ട് വാഹനങ്ങൾ | Rs.100 |
| 4. | ലൈറ്റ് മോട്ടോർ വാഹനങ്ങൾ | Rs.200 |
| 5. | മീഡിയം മോട്ടോർ വാഹനങ്ങൾ | Rs.300 |
| 6. | ഹെവി മോട്ടോർ വാഹനങ്ങൾ | Rs.400 |

12. നികുതി കുടിശ്ശിക വരുത്തിയിട്ടുള്ള വാഹനങ്ങൾക്കും പിന്നീട്ടുള്ള കാലയളവിലേക്ക് ജി ഫോം ഫയൽ ചെയ്യുകയാണെങ്കിൽ സ്വീകരിക്കേണ്ടതാണ്.

13. ജി ഫോമുകൾ സർക്കാർ പരിഷ്കരിച്ചിട്ടുണ്ട്. ഇത് വകുപ്പിന്റെ വെബ് സൈറ്റിൽ നിന്നും ലഭ്യമാക്കുന്നതാണെന്ന് പൊതുജനത്തെ അറിയിക്കേണ്ടതാണ്.

14. ജി ഫോം ഫയൽ ചെയ്ത ശേഷം നികതി അടയ്ക്കാതെ വാഹനം ഉപയോഗിച്ചതായി കണ്ടെത്തിയാൽ ആ വാഹനങ്ങളിൽ നിന്നും നിലവിലുള്ള നികതിയുടെ ഇരട്ടിത്തുക ഈടാക്കേണ്ടതാണ്.

15. ഡ്യൂപ്ലിക്കേറ്റ് ടാക്സ് ടോക്കന്റെ ഫീസ് നിലവിലുള്ള 5 രൂപയിൽ നിന്നും 200 100 രൂപയായി ഉയർത്തിയിട്ടുണ്ട്. (corrected vide letter No B1/18145/TC/2008 dtd 27.12.2016).

16. ജി ഫോം. ഗ്രീൻ ടാക്സ് എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് വ്യക്തമായി കാണത്തക്ക രീതിയിൽ എല്ലാ ആർ.ടി/സബ് ആർ.ടി ഓഫീസുകളിലും ബോർഡുകൾ വയ്ക്കേണ്ടതും പത്രങ്ങൾ, ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ എന്നിവ വഴി പൊതുജനങ്ങളെ അറിയിക്കേണ്ടതുമാണ്.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ,

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ചെക്ക് പോസ്റ്റ് MVI മാർക്കും,

പകർപ്പ് : നോഡൽ ഓഫീസർ, എസ്.എസ്.ജി സെൽ

അംഗീകാരത്തോടെ
23.12.2016.
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
23/12/16

**KMVT RULES**

**FORM G**

**Intimation of Non-use of a Vehicle**

(See section 5 (1) of the Kerala Motor Vehicles Taxation Act 1976 and rule 10 of Kerala Motor Vehicles Taxation Rules 1975)

To,

The Regional Transport Officer/

Joint Regional Transport Officer

…………………………………………….

## Details of Vehicle

| | | | |
|---|---|---|---|
| 1 | Reg. No. | : | |
| 2 | Class of vehicle | : | |
| 3 | Name and Address of the applicant who filed this non-use intimation | : | |
| 4 | Name and Address of the Registered Owner | : | |
| 5 | Contact Number: 1) Mobile No.<br>2) Land phone No. | :<br>: | |
| 6 | Particulars of remittance of prescribed fee | a<br>b<br>c | Receipt No:<br>Date :<br>Amount : |
| | **Details of Place of Garage** | | |
| 7 | Is the vehicle is in the custody of any Court/Police/any Department | : | Yes/No |
| | If yes,<br>(a) please furnish the name of Police Station or name of Place where the vehicle is garaged.<br>(b)Reasons for custody with details | :<br>: | |

Kerala Motor Vehicles Department

| | | | | |
|---|---|---|---|---|
| 8 | If No, please furnish the following details | | : | |
| | a i | Details of place of garage owned/possessed by the Registered Owner/Applicant | : | Yes/No |
| | ii | Name of the owner/custodian of place of garage | | |
| | iii | Contact Number of garage owner | | |
| | b | Details of garage | | |
| | (i) | Name of garage | : | |
| | (i) | Building No. | : | |
| | (ii) | Ward No. | : | |
| | (iii) | Street/Road | : | |
| | (iv) | Town/Village | : | |
| | (v) | KSEB Post No. | : | |
| | (vi) | Nearest Land Mark | : | |
| | (vii) | Post Office with Pincode | : | |
| 9 | Name and address of the custodian of the garage and his contact number | | : | |
| 10 | In where jurisdiction the vehicle is garaged/intend to be garage | | : | |
| 11 | Reason for the non use. | | : | |
| 12 | Period for which tax exemption is requested for | | : | From..................to................ |
| 13 | Period up to which tax has been paid. | | : | |
| 14 | Probable date on which the vehicles will be put to use. | | : | |

Note: For this purpose, no vehicle shall be garaged in public road for claiming exemption from the remittance of tax.

Kerala Motor Vehicles Department

## DECLARATION

I, ……………………………………………………………………………. hereby declare that the particulars given above are true and correct to the best of my knowledge and belief. If any of the provisions of KMVT ACT 76 and the rules made there under and any instructions in this regard are found to be violated, I agree to remit the prescribed tax along with any penalty as may be decided by the concerned authority.

Signature of the applicant.

## Declaration of Consent from the owner / the possesser of the garage

(Applicable only if the vehicle is garaged in a private place other than owned by the Registered Owner)

I,……………………………………………………….S/o……………………………………….

……………………………………………………………………………………………………….

…………………………………………………………………………………………. (address)

hereby declare that I shall act as the custodian of the vehicle bearing Registration No. …………………………………. for the period from ………………………….. to …………………. and shall make sure that the above vehicle will not put on road without the written prior consent of the concerned authority. If ever the vehicle would be removed from the place of garage, I shall inform the matter to the concerned authority and offer my full co-operation and furnish all available details in this regard.

Signature and Name of the Custodian

## For Office Use Only

Date of receipt of application:

Remarks:

Signature, Name and Designation

Date of receipt by the Concerned Circle Officer:

Signature and Name of the Circle Officer

Kerala Motor Vehicles Department

**Instructions**

1. Three copies of the non-use intimation in Form G shall be submitted before the Regional Transport Officer or Joint Regional Transport Officer in whose jurisdiction the vehicle within prescribed time (within 30 days before the commencement of the detention)
2. No vehicle shall be garaged in public road for claiming exemption from the remittance of tax.

……………………………………………………………………………………………………

**Acknowledgement**

I……………………………………………………………………….(Name & Designation) accepted/rejected this Form G application in this day of ………………………….

Copy received – Signature of Applicant

Taxation Officer

Signature, Name&ID No.

Kerala Motor Vehicles Department